ഹയർ സെക്കണ്ടറി വകുപ്പ് ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങളിലെ കാലതാമസം

34 (4641) ശ്രീ. കെ. എൻ. എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നിയമനം ലഭിച്ചവരുടെ സർവ്വീസ് വെരിഫിക്കേഷൻ നടപടികൾ യഥാസമയം നടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഈ വകുപ്പിലെ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നതിലും സ്ഥാനക്കയറ്റ നടപടികൾ വൈകുന്നതിനും ഇടയാക്കുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെരിഫിക്കേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി, റഗുലറൈസേഷൻ, സ്ഥാനക്കയറ്റം എന്നിവയിലെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇതിനായി ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

സമഗ്ര വിദ്യാഭ്യാസ പദ്ധതി

35 (4644) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിവരുന്ന മണ്ഡലങ്ങളിൽ ഓരോന്നിലും നടന്നുവരുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നൂതനവും വ്യത്യസ്തവുമായ പദ്ധതികൾ/പരിപാടികൾ എന്തെല്ലാം;

(ബി) ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കുന്ന പ്രസ്തുത വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദാംശം പ്രോജക്ട് റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സമഗ്ര വിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്ന കൊയിലാണ്ടിയിൽ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം സീമാറ്റിന്റെ മേൽനോട്ടത്തിൽ ഇതുവരെ എത്ര തവണ അവലോകനം നടന്നിട്ടുണ്ടെന്നും അവലോകനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്ന കൊയിലാണ്ടിയിൽ RMSA, SSA എന്നീ സംവിധാനങ്ങളും വിദ്യാഭ്യാസ വകുപ്പും വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതി നടത്തിപ്പ് സംവിധാനത്തിന്റെ ചെയർമാൻ കൂടിയായ എം.എൽ.എ.-യോടുകൂടി ആലോചിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമെന്ത്?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കി വരുന്ന അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മോഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കൺണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടന്നു. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായ നിയോജകമണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുമുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു.

(ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതി 56 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കിവരുന്നു. അതിൽ 7 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണവും 4 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും, 45 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയരൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ് കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു.

(സി) കൊയിലാണ്ടി അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയരൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മോഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയായി കഴിഞ്ഞു. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായ നിയോജക മണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സമഗ്ര വിദ്യാഭ്യാസ പദ്ധതി

36 (4645) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് എന്നാണ് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം കാര്യങ്ങൾ ആണ് ലക്ഷ്യം വച്ചിരുന്നത്;

(സി) ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; നിയോജകമണ്ഡല അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം കാര്യങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 28-11-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5289/2011 പ്രകാരമാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്.

(ബി) വിദ്യാഭ്യാസമേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ളതും കാര്യക്ഷമവുമായ വിദ്യാഭ്യാസം ലഭ്യമാക്കുകയെന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പദ്ധതിക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എം.എൽ.എ.-മാരുടെ വികസനഫണ്ട്, ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ് സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസുകൾ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly